## സിഎംഎഫ്ആർഐ സർവേയിലെ കണ്ടെത്തൽ

# നോട്ട് നിരോധനം: മൽസ്യ ഉപഭോഗത്തിൽ വൻ ഇടിവ്

- **മൽസ്യവില 15 മുതൽ 20 ശതമാനം വരെ കുറഞ്ഞു**

കൊച്ചി • നോട്ട് നിരോധനം മൂലം മൽസ്യ ഉപഭോഗത്തിൽ 30 മുതൽ 40 ശതമാനം വരെ കുറവുണ്ടായതായി സിഎംഎഫ്ആർഐ നടത്തിയ സാമൂഹിക സാമ്പത്തിക സർവേയിൽ കണ്ടെത്തി.

മൽസ്യബന്ധനത്തിൽ കുറവുണ്ടായില്ലെങ്കിലും വിലയിൽ കുറവുണ്ടായി. ചെറുകിട വ്യാപാരികൾക്കു തിരിച്ചടി നേരിട്ടു. നോട്ട് നിരോധനം നിലവിൽ വന്ന ശേഷമുള്ള രണ്ടാഴ്ച എറണാകുളം ജില്ലയിൽ നടത്തിയ സർവേയിലെ വിവരങ്ങളാണു സിഎംഎഫ്ആർഐ പുറത്തുവിട്ടത്.

സിഎംഎഫ്ആർഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ് സലീമിന്റെ നേതൃത്വത്തിലാണു നോട്ട് നിരോധനം മൽസ്യമേഖലയെ എങ്ങനെ ബാധിച്ചുവെന്നു പഠനം നടത്തിയത്.




ഇന്ധനം വാങ്ങുന്നതിനു പഴയ അഞ്ഞൂറ്, ആയിരം നോട്ടുകൾ ഉപയോഗിക്കാൻ അവസരം ലഭിച്ചതിനാൽ മൽസ്യബന്ധനത്തിൽ കുറവുണ്ടായില്ല. കയറ്റുമതിയിലും മൊത്തവ്യാപാരത്തിലും കാര്യമായ ഇടിവ് സംഭവിക്കാത്തതു മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസമായെന്നും പഠനം വ്യക്തമാക്കുന്നു.

തരകൻമാരടക്കമുള്ള ഇടനിലക്കാരുടെ ഇടപെടലാണു മൽസ്യമേഖലയെ പ്രതിസന്ധിയിൽ നിന്നു രക്ഷിച്ചത്. മൽസ്യത്തൊഴിലാളികൾക്കു കടലിൽ പോകാനുള്ള ചെലവു വഹിച്ചത് ഈ മധ്യവർത്തികളാണ്.

ചെക്കുകളുടെ ഉപയോഗവും വൈകിയുള്ള വിനിമയവും നിലവിലുള്ളതിനാൽ കയറ്റുമതിയിൽ പ്രശ്നങ്ങളുണ്ടായില്ല. മറ്റു മൂല്യവർധിത ഉൽപന്നങ്ങൾക്ക് ഉപയോഗിക്കാമെന്നതിനാൽ മൊത്തവ്യാപാരികളും മൽസ്യം വാങ്ങി.

എന്നാൽ, മൽസ്യ ഉപഭോഗത്തിൽ കുറവു വന്നത് ചെറുകിട മൽസ്യകച്ചവടക്കാരെ പ്രതിസന്ധിയിലാക്കിയെന്നും പഠനത്തിൽ വ്യക്തമായി.

ബോട്ട് ഉടമകൾ, മൽസ്യത്തൊഴിലാളികൾ, കയറ്റുമതിക്കാർ, മൊത്തവ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 200 പേരിലാണു സർവേ നടത്തിയത്. നോട്ട് നിരോധനത്തിനു ശേഷം മൽസ്യത്തിന്റെ വിലയിൽ 15 മുതൽ 20 ശതമാനം വരെ കുറവുണ്ടായി. ആവശ്യത്തിന് മൽസ്യം ലഭ്യമല്ലാത്തതാണ് മീൻ വാങ്ങാതിരിക്കാൻ കാരണമെന്ന് 70 ശതമാനം ഉപഭോക്താക്കൾ അഭിപ്രായപ്പെട്ടു.

ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി 58.33 ശതമാനം പേരും ഉയർന്ന വിലയായതിനാൽ 38.33 ശതമാനം പേരും ഗുണനിലവാരമില്ലാത്ത മൽസ്യമായതിനാൽ 23.33 ശതമാനവും ഇഷ്ടമുള്ള മൽസ്യം ലഭിക്കാത്തതിനാൽ 13.33 ശതമാനവും മൽസ്യം വാങ്ങുന്നില്ലെന്നു സർവേ ഫലം വെളിപ്പെടുത്തുന്നു.